# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**ഡിസംബർ**

**DECEMBER 28 2016**

**ശബരിമല പത്രക്കുറിപ്പ്**



ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam@gmail.com

Facebook: facebook.com/sabarimalaprd


---

# കാനനപാതയിലൂടെ വരുമ്പോൾ കരുതൽ വേണം, ശ്രദ്ധയും

ശബരിമല: ശബരിമല തീർഥാടനത്തിൽ പമ്പയിലേക്കുള്ള പരമ്പരാഗത കാനനപാതയിലൂടെയുള്ള കാൽനടയാത്രയും പുൽമേടുവഴി സന്നിധാനത്തേക്കുള്ള യാത്രയും തീർഥാടകർക്ക് ആത്മീയ നിർവൃതിയേകുന്നു. മണ്ഡലകാലത്ത് പതിനായിരക്കണക്കിനു പേരാണ് ഇതുവഴി ശബരീശസന്നിധിയിലെത്തിയത്.

എരുമേലിയിൽ നിന്ന് പമ്പയിലേക്കുള്ള കാനനപാതയ്ക്ക് 48 കിലോമീറ്റർ ദൈർഘ്യം വരും. പേരൂർ തോട്, ഇരുമ്പൂന്നിക്കര, അരശുമുടിക്കോട്ട, കാളകെട്ടി, അഴുതാനദി, കല്ലിടാംകുന്ന്, ഇഞ്ചിപ്പാറക്കോട്ട, മുക്കുഴി, കരിയിലാംതോട്, കരിമല, വലിയാനവട്ടം, ചെറിയാനവട്ടം എന്നീ പുണ്യസങ്കേതങ്ങൾ കടന്നാണ് തീർഥാടകർ പമ്പയിലെത്തുന്നത്. വൈകിട്ട് ആറിനുശേഷം കാനനയാത്ര അനുവദിക്കാറില്ല. പരമ്പരാഗത കാനനപാതയിലൂടെയുള്ള യാത്ര കഠിനമാണ്. ആന, കാട്ടുപോത്ത്, കുരങ്ങ് തുടങ്ങിയ വന്യജീവികളുടെ വിഹാരകേന്ദ്രമാണിത്. കടുവയും പുലിയുമുണ്ട്. ക

ടുവയും രാജവെമ്പാലയുമൊക്കെ മനുഷ്യസാന്നിധ്യം കാണുമ്പോൾ വഴിമാറിപ്പോകാറാണു പതിവെന്ന് വനപാലകർ പറയുന്നു. മൃഗങ്ങളുള്ളതിനാൽ യാത്ര കരുതലോടെ വേണം. മഴക്കാലത്ത് അട്ടയുടെ ശല്യം ഉണ്ടാകും.

വണ്ടിപ്പെരിയാറിലെ സത്രത്തിൽനിന്നാണ് പുൽമേടുവഴിയുള്ള യാത്ര ആരംഭിക്കുന്നത്. ഈ പാതയുടെ ദൈർഘ്യം 12 കിലോമീറ്റർ വരും. സീതക്കുളം, സീറോ പോയിന്റ്, ഉപ്പുപാറ, തണ്ണിത്തൊട്ടി, ഉരക്കുഴി എന്നിവിടങ്ങൾ കടന്നാണ് സന്നിധാനത്തെത്തുന്നത്. സത്രത്തിൽനിന്ന് രാവിലെ ഏഴു മുതൽ ഉച്ചയ്ക്ക് രണ്ടുവരെയേ തീർഥാടകരെ കയറ്റിവിടൂ. സന്ധ്യയ്ക്ക് മുമ്പ് സന്നിധാനത്തെത്തണം. സന്നിധാനത്തുനിന്നു ഇതുവഴി തിരിച്ചു മടങ്ങുന്നവർ ഉച്ചയ്ക്ക് രണ്ടിനു മുമ്പ് യാത്ര ആരംഭിക്കണം.

ആരോഗ്യമുള്ളവരേ കാനനപാതയിലൂടെയുള്ള യാത്രയ്ക്കൊരുങ്ങാവൂവെന്ന് വനംവകുപ്പ് ഡെപ്യൂട്ടി റെയിഞ്ച് ഓഫീസർ എൻ.വി. സതീശൻ പറയുന്നു. കുത്തനെയുള്ള ഇറക്കങ്ങളും കയറ്റവുമുള്ളതിനാൽ ശാരീരികാസ്വാസ്ഥ്യങ്ങളും രോഗങ്ങളുമുള്ളവർ ഒരു കാരണവശാലും കാനനയാത്രയ്ക്ക് ഒരുങ്ങരുത്. കാനനപാതയിലൂടെ വരുന്നവർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:

- വൈകിട്ട് ആറിനുശേഷം കാനനപാതയിലൂടെ സഞ്ചരിക്കരുത്. വിരിവയ്ക്കാനുള്ള സൗകര്യങ്ങളും ഭക്ഷണവും സങ്കേതങ്ങളിൽ ലഭ്യമാണ്.

- കടുംനിറമുള്ള വസ്ത്രങ്ങൾ ധരിക്കുന്നത് ഒഴിവാക്കണം. കറുപ്പ്, നീല, ചാരനിറമുള്ള വസ്ത്രം ഉപയോഗിക്കുക. മൃഗങ്ങളുടെ ശ്രദ്ധയിൽപ്പെടാതിരിക്കാനാണിത്.

- ശരണംവിളികൾ മാത്രമേ പാടുള്ളൂ. വാദ്യമേളങ്ങളും ശബ്ദഘോഷങ്ങളും ഒഴിവാക്കണം. അന്തരീക്ഷം ശബ്ദമുഖരിതമായാൽ ആനയോ മറ്റു മൃഗങ്ങളോ അടുത്തുണ്ടെങ്കിൽ അറിയാൻ കഴിയാതെവരും. മുൻകരുതലെടുക്കാനാവില്ല. പരിസരം വീക്ഷിച്ചേ സഞ്ചരിക്കാവൂ.

- വന്യമൃഗങ്ങളെ കാൽ മൊബൈലിലടക്കം ചിത്രമെടുക്കാനായി നിൽക്കരുത്. മൃഗങ്ങൾ ചിലപ്പോൾ ഒറ്റയ്ക്കാവില്ല. ചിത്രമെടുക്കുന്ന തിരക്കിൽ അടുത്തുള്ള മറ്റു മൃഗങ്ങളെ ശ്രദ്ധിക്കാൻ കഴിയാതെവരും. ഇത് അപകടം ക്ഷണിച്ചുവരുത്തും.

- കൂട്ടമായേ സഞ്ചരിക്കാവൂ. കൂട്ടംതെറ്റിയോ ഒറ്റയ്ക്കൊറ്റയ്ക്കോ സഞ്ചരിക്കരുത്. ഒറ്റപ്പെട്ടെന്നു ബോധ്യപ്പെട്ടാൽ തീർഥാടകരുടെ മറ്റൊരു സംഘം വരുന്നതുവരെ കാത്തിരിക്കുക.

- വഴിമാറി സഞ്ചരിക്കരുത്. എളുപ്പവഴി നോക്കി മറ്റുവഴികളിലൂടെ പോകരുത്. വഴി തെറ്റി ആനകൾ സഞ്ചരിക്കുന്ന വഴിയിലൂടെ പോകാൻ ഇടവരും. വഴിതെറ്റിയെന്നു സംശയമുണ്ടെങ്കിൽ മുന്നോട്ടു കൂടുതൽ സഞ്ചരിക്കരുത്.

- പേശീവേദനയടക്കം ഉണ്ടാവാനിടയുള്ളതിനാൽ വേദനസംഹാരികൾ കൈയിൽ കരുതുന്നത് ഉചിതമായിരിക്കും.

- മഴ പെയ്താൽ അട്ട ശല്യം ഉണ്ടാകാറുണ്ട്. അട്ടയെ പേടിക്കേണ്ടതില്ല. നല്ല കാടിന്റെ ലക്ഷണമായാണ് അട്ടയെ വനംവകുപ്പ് ഉദ്യോഗസ്ഥർ കാണുന്നത്. പുകയിലയോ ഉപ്പോ ഉണ്ടെങ്കിൽ കടിച്ച അട്ടയെ ശരീരത്തിൽനിന്നു വിടുവിക്കാം. കടിച്ച അട്ടയെ ശരീരത്തിൽനിന്ന് പറിച്ചെടുക്കാൻ ശ്രമിക്കരുത്. സ്ഥിരമായി കാനനപാതയിലൂടെ വരുന്നവർ മൂക്കിപ്പൊടിയും വേപ്പണ്ണയും കൂട്ടിക്കുഴച്ച് കാലിൽ തേയ്ച്ച് അട്ടയുടെ കടിയിൽനിന്ന് രക്ഷപെടാറുണ്ട്.

- തീർഥാടകർ പ്ലാസ്റ്റിക് കുപ്പികളും ടിന്നിലടച്ച പാനീയപാത്രങ്ങളും കൂടുകളും കാട്ടിൽ ഉപേക്ഷിക്കരുത്.

(ശബരി പി.ആർ./340/2016)

# ഗോപി ശെൽവൻ, ശബരിമലയിൽ പാമ്പുകളുടെ തോഴൻ

ശബരിമല: മണ്ഡലകാലത്ത് ശബരിമലയിൽ നിന്ന് ഗോപി ശെൽവൻ പിടിച്ച് കാട്ടിലേക്ക് രക്ഷിച്ചുവിട്ടത് ഇരുനൂറോളം പാമ്പുകളെ. മൂർഖൻ മുതൽ അണലി വരെ ഗോപിയുടെ കൈയിലൂടെ ഇഴഞ്ഞു കാടുകയറി. രാജവെമ്പാലയെ ഈ സീസണിൽ കിട്ടിയിട്ടില്ല. വനംവകുപ്പ് നിയോഗിച്ച പാമ്പു പിടിത്തക്കാരനാണ് വണ്ടിപ്പെരിയാർ സ്വദേശിയായ ഗോപി ശെൽവൻ. മൂന്നാർ ഗ്രാമപഞ്ചായത്തിലെ പാർട്ട്ടൈം ജീവനക്കാരനായ ഗോപി ശബരിമല സീസണിൽ വനംവകുപ്പിനൊപ്പമാണ്.

സന്നിധാനത്തെത്തുന്ന തീർഥാടകരെ പാമ്പുകളിൽ നിന്നു രക്ഷിക്കു കയാണ് ദൗത്യം. ഏഴുവർഷമായി ഇവിടെ സേവനം ചെയ്യുന്നു. പല പ്രാവശ്യം കടിയേറ്റ് ആശുപത്രിയിലായിട്ടുണ്ട്. ഹൃദയസംബന്ധമായ ശാരീരിക അസ്വസ്ഥതകളുണ്ടെങ്കിലും ശബരീശ സന്നിധിയിലെത്തു മ്പോൾ ആശ്വാസമാണെന്ന് ഗോപി പറയുന്നു. പാമ്പിനെ വേദനിപ്പി ക്കാതെ പിടിക്കുന്നതിന് 27,000 രൂപ വിലയുള്ള ഉപകരണം വനംവ കുപ്പ് ഗോപിക്കു നൽകിയിട്ടുണ്ട്. സന്നിധാനത്തും പരിസരങ്ങളിലും പാമ്പുകൾ കയറി വരുന്നത് പതിവാണ്.

മൂർഖൻ, ചുരുട്ട, അണലി ഉൾപ്പെടെയുള്ള പാമ്പുകളാണ് സാധാര ണ കാണാറുള്ളത്. തീർഥാടകർ ഉപേക്ഷിക്കുന്ന ഭക്ഷണാവശിഷ്ട ങ്ങൾ തിന്നാനെത്തുന്ന എലികളെ ലക്ഷ്യമാക്കിയാണ് പാമ്പുകളുടെ വരവ്. പാണ്ടിത്താവളം, പോലീസ് ബാരക്ക്, കൊപ്രാക്കളം എന്നിവി ടങ്ങളിലാണ് കൂടുതലും കാണപ്പെടുന്നത്. നടപ്പന്തലിലും പതിനെ ട്ടാംപടിക്കു സമീപവും വരെ പാമ്പുകൾ വന്നിട്ടുണ്ടെന്ന് ഗോപി പറ ഞ്ഞു. കൊപ്രാക്കളത്തിൽ ചിരട്ടക്കുള്ളിലും മറ്റും ചെറിയ വിഷപ്പാ മ്പുകൾ കയറിക്കൂടാറുണ്ട്. പിടികൂടി സുരക്ഷിതമായി അകലെ കാട്ടി നുള്ളിൽ കൊണ്ടുവിടും.

രാജവെമ്പാല തണുപ്പുള്ള സ്ഥലങ്ങളിൽ മാത്രമേ കാണാറുള്ളൂ. ക ടുവയുടെ സ്വഭാവമാണ്. ആരെയും അങ്ങോട്ട് ആക്രമിക്കില്ല. ശത്രു വിനെ കാൽ വഴിമാറിപ്പോകും. വേദനിപ്പിച്ചാൽ സ്വഭാവം മാറും. എ ന്നാൽ അണലി അങ്ങിനെയല്ല, എസ് ആകൃതിയിലും മറ്റും മണ്ണിലും മരക്കൊമ്പിലും ചുരുുകിടക്കുന്ന അണലി ശത്രുവിനെ പെട്ടെന്ന് കട ന്ന് ആക്രമിച്ചേക്കാം. കടിയേറ്റ് ഉടൻ ചികിത്സ നൽകുന്നില്ലെങ്കിൽ മരണം ഉറപ്പ്. മൂർഖനും അങ്ങനെ കടന്ന് ആക്രമിക്കില്ല. ചുരുട്ടയിന ത്തിൽപ്പെട്ട പാമ്പുകൾ പലതവണ നായ കടിക്കുന്നതു പോലെ കടി ക്കും. കടിക്കുന്നഭാഗം നീരുവന്ന് വീർക്കും. പെട്ടെന്ന് ചികിത്സിച്ചി ല്ലെങ്കിൽ കുഴപ്പമാകും.

ചില പാമ്പുകളെ കാൽ വിഷമില്ലെന്നു തോന്നുമെങ്കിലും പലതിനും വിഷമുണ്ടെന്ന് വനംവകുപ്പ് ഉദ്യോഗസ്ഥർ പറഞ്ഞു. കാനനപാതയി ലൂടെ എത്തുന്ന തീർഥാടകർ ശ്രദ്ധിക്കണം. കരിയിലയുടെയും ചെ ടികളുടെയും നിറമുള്ള പാമ്പുകൾ ഉണ്ട്. പകൽ അനങ്ങാതെ കിട ക്കുന്ന ഇവർ രാത്രിയിൽ വീര്യം പുറത്തുകാട്ടും. നടക്കുമ്പോൾ കാ ലുകൊണ്ട് ഉറപ്പിച്ച് മണ്ണിൽ ശബ്ദം വരുന്ന രീതിയിൽ നടക്കുക. ശ ബ്ദതരംഗങ്ങൾ പാമ്പുകളെ വഴിമാറാൻ പ്രേരിപ്പിക്കും.

(ശബരി പി.ആർ./341/2016)

# ആഴിയിലെ ചാരം നീക്കി

ശബരിമല: സന്നിധാനത്തെ പതിനെട്ടാംപടിക്കു താഴെയുള്ള ആഴിയിലെ ചാരം നീക്കി വൃത്തിയാക്കുന്ന പ്രവർത്തികൾ പൂർത്തീകരിച്ചു. ഇരുമുടിക്കെട്ടിൽ നെയ്ത്തേങ്ങയുമായി മലയിലെത്തുന്ന തീർഥാടകർ തേങ്ങയുടച്ച് അതിലെ നെയ്യ് അഭിഷേകത്തിനായി സമർപ്പിക്കുന്നു. തേങ്ങാമുറി ആഴിയിലെറിയുന്നു. ആഴിയിൽ ചാരം നിറഞ്ഞിരുന്നു. വെള്ളം ഒഴിച്ച് തീയണച്ച ശേഷമാണ് ജെ.സി.ബി. ഉപയോഗിച്ച് ചാരം വാരി മാറ്റിയത്.

(ശബരി പി.ആർ./342/2016)

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 28 | 2016 |
|---|---|

## ശബരിമല പത്രക്കുറിപ്പ്

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook: facebook.com/sabarimalaprd

---

## ശബരിമല

## മണ്ഡലകാല വരുമാനത്തിൽ 15.64 കോടി രൂപയുടെ വർധന: പ്രയാർ ഗോപാലകൃഷ്ണൻ

- മൊത്തം വരുമാനം 152.38 കോടി രൂപ
- ഇ-കാണിക്കയായി 4,65,741 രൂപ

ശബരിമല: ശബരിമലയിൽ മണ്ഡലകാലത്തെ വരുമാനത്തിൽ 15.64 കോടി രൂപയുടെ വർധനയുണ്ടായതായി തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണൻ പറഞ്ഞു.

കഴിഞ്ഞ വർഷം മണ്ഡലകാലത്ത് മൊത്തം വരുമാനം 136,73,97,296 രൂപയായിരുന്നത് ഈ വർഷം 152,38,34,268 കോടി രൂപയായി വർധിച്ചു. 15,64,36,972 രൂപയുടെ വർധന.

വരുമാനത്തിന്റെ ഇനംതിരിച്ചുള്ള വിവരങ്ങൾ(കഴിഞ്ഞവർഷത്തെ വരുമാനം

ബ്രാക്കറ്റിൽ): അഭിഷേകം 1,45,30,728 രൂപ(1,47,48,935), അപ്പം 11,91,36,305 രൂപ(10,19,79,870), അരവണ 66,77,56,240 രൂപ(52,32,12,780), വെള്ളനിവേദ്യം 6,94,200 രൂപ(6,05,800), ശർക്കര പായസം 45,29,720 രൂപ(32,91,885), അർച്ചന 10,45,340 രൂപ(16,69,305), മാലവടി പൂജ 1,32,310 രൂപ(5,62,925), പഞ്ചാമൃതം 28,50,880 രൂപ(35,40,410), ആടിയ ശിഷ്ടം നെയ്യ് 1,15,80,475 രൂപ(90,56,580), ബുക്ക് സ്റ്റാൾ 42,96,175 രൂപ(45,55,720), കാണിക്ക 51,74,69,741 രൂപ(52,45,38,638), മാളികപ്പുറം 91,90,145 രൂപ(62,86,085), മുറിവാടക 2,94,75,145 രൂപ(2,63,75,060), അയ്യപ്പചക്രം 3,16,840 രൂപ(5,43,900), ഡോണർ ഹൗസ് 19,02,000 രൂപ(40,37,108), മറ്റിനം 1,84,50,123 രൂപ(2,67,46,324), സംഭാവന 85,61,771 രൂപ(1,10,14,100), കരാർ 10,47,78,475 രൂപ(9,85,27,296), മണിയോർഡർ 82,797 രൂപ(1,00,112), പൂജിച്ച മണി 1,50,110 രൂപ(2,51,680), അന്നദാന സംഭാവന 69,04,808 രൂപ(57,52,783) എന്നിങ്ങനെയാണ് വിവിധയിനങ്ങളിലായുള്ള വരുമാനം. ഇ-കാണിക്കയായി 4,65,741 രൂപ ലഭിച്ചു.

(ശബരി പി.ആർ./343/2016)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.